# Desabhimani
# 24 July 2018
# Kumali, Mullaperiyar, Dam Water Level



## മുല്ലപ്പെരിയാർ 136 അടിയിലേക്ക്

**കുമളി**

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ വൃഷ്ടിപ്രദേശങ്ങളിൽ മഴ തുടരുന്നതോടെ ജലനിരപ്പ് 136 അടിയിലേക്ക് അടുക്കുന്നു. ചൊവ്വാഴ്ച രാവിലെ ആറിന് ജലനിരപ്പ് 135 അടിയിലെത്തി. വൈകിട്ടോടെ ജലനിരപ്പ് 135.3 അടിയായി. അണക്കെട്ടിന്റെ വൃഷ്ടിപ്രദേശങ്ങളായ പെരിയാർ കടുവാസങ്കേതത്തിലെ വനമേഖലയിലുൾപ്പെട്ട മണലാർ, അപ്പർമണലാർ, മുല്ലക്കുടി, താന്നിക്കുടി, ഇരവങ്കലാർ തുടങ്ങിയ പ്രദേശങ്ങളിലും കുമളിയുൾപ്പെടെയുള്ള ജനവാസ മേഖലയിലും മഴ തുടരുകയാണ്. അണക്കെട്ടിൽനിന്നും തമിഴ്നാട് 2000 ഘനയടി വെള്ളമാണ് കൊണ്ടുപോകുന്നത്. ആകെയുള്ള നാല് പെൻസ്റ്റോക്ക് പൈപ്പ് വഴി 1600 ഘനയടിയും ഇറച്ചൽപാലം കനാൽ വഴി 400 ഘനയടിയും കൊണ്ടുപോകുന്നു.